എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 04 | 2024 ഏപ്രിൽ 05




# ഊർജ്ജ കിരൺ
## സമ്മർ ക്യാമ്പയിൻ ആരംഭിച്ചു

വേനൽക്കാലത്ത് സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം പൊതുജന ബോധവൽക്കരണ പരിപാടി നടത്തുന്നു. എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും (കെ.എസ്.ഇ.ബി.എൽ.) ചേർന്നാണ് ഊർജ്ജ കിരൺ സമ്മർ ക്യാമ്പയിൻ എന്ന ഈ പരിപാടി നടത്തുന്നത്. കെ.എസ്.ഇ.ബി യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും നടത്തുന്ന സമ്മർ ക്യാമ്പയിനിൽ എൻ.ജി.ഒ കളും ഭാഗഭാക്കാകും.

സമ്മർ ക്യാമ്പയിനിന്റെ സംസ്ഥാന തല ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി ഓൺലൈനായി നടത്തി. കഴക്കൂട്ടം സെന്റ് ആന്റണീസ് സ്കൂളിൽ നടന്ന ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ ആദ്ധ്യക്ഷം വഹിച്ചു. ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, കെ.എസ്.ഇ.ബി. എൽ. ചീഫ് എഞ്ചിനീയർ വി. എൻ. പ്രസാദ്, സ്കൂൾ ഹെഡ് മാസ്റ്റർ ജി. മനോജ്കുമാർ, എസ്. പ്രശാന്ത് എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് നടന്ന ഊർജ്ജസംരക്ഷണ ക്ലാസ്സ് ഇ.എം.സി. എനർജി ടെക്നോളജിസ്റ്റ് അന്നൂപ് സുരേന്ദ്രൻ നയിച്ചു.

സമ്മർ ക്യാമ്പയിനിന്റെ ഭാഗമായി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി സംസ്ഥാനത്തുടനീളമുള്ള 776 കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെയും പരിധിയിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിനോടകം 702 സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ പരിപാടി നടത്തുന്നതിനായുള്ള രജിസ്ട്രേഷൻ ലഭിക്കുകയും എഴുപതോളം ഇടങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.





ഊർജ കിരൺ സമ്മർ ക്യാമ്പയിനോടനുബന്ധിച്ച്
വിവിധയിടങ്ങളിൽ സംഘടിപ്പിച്ച പരിശീലനങ്ങൾ

# ഊർജ്ജ കാര്യക്ഷമത കൂടിയ കോൾഡ് ചെയിൻ സംവിധാനങ്ങൾ ശില്പശാലകൾ സംഘടിപ്പിച്ചു




തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശില്പശാലയിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സംസാരിക്കുന്നു

കേരളത്തിലെ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നത് ലക്ഷ്യം വെച്ച് ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചു. ഇ.എം.സി.യുടെ നേതൃത്വത്തിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി(BEE), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI)എന്നിവയുമായി സഹകരിച്ചാണ് ശില്പശാലകൾ സംഘടിപ്പിച്ചത്.

മാർച്ച് 5 ന് തിരുവനന്തപുരത്ത് ഹോട്ടൽ അപ്പൊളോ ഡിമോറയിൽ വച്ച് സംഘടിപ്പിച്ച ശില്പശാല വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന യോഗത്തിൽ ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ (DIC) അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ ജോൺ ജെ. ലതീഷ്, തിരുവനന്തപുരം ചേമ്പർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി പ്രസിഡന്റ് രഘുചന്ദ്രൻ നായർ,കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ (KSSIA) ജില്ലാ പ്രസിഡന്റ് പ്രദീപ് കുമാർ സി.എസ്., ഇ.എം.സി ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ ജോൺസൺ ഡാനിയൽ, FICCI എനർജി ഡിവിഷൻ സീനിയർ ഡയറക്ടർ എം.എൻ. ഗിരീഷ് എന്നിവർ സന്നിഹിതരായിരുന്നു.

മാർച്ച് 7 ന് എറണാകുളത്ത് ഹോട്ടൽ പി.ജി.എസ്. വേദാന്തയിൽ വച്ച് സംഘടിപ്പിച്ച രണ്ടാം പരിപാടിയുടെ ഉദ്ഘാടനം മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (MPEDA)ഡയറക്ടർ–മാർക്കറ്റിംഗ്, അനിൽകുമാർ പി. നിർവഹിച്ചു. ഇ.എം.സി ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ ജോൺസൺ ഡാനിയൽ, റജിസ്ട്രാർ ബി.വി. സുഭാഷ് ബാബു, ഡി.ഐ.സി. അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ വിനോദ് കുമാർ, KSSIA ജില്ലാ വൈസ് പ്രസിഡന്റ് ടോം തോമസ്, FICCI എനർജി ഡിവിഷൻ സീനിയർ ഡയറക്ടർ എം.എൻ. ഗിരീഷ് എന്നിവർ സന്നിഹിതരായിരുന്നു.

കോൾഡ് ചെയിൻ മേഖലയിലെ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംഘടിപ്പിച്ച ശില്പശാലകളിൽ ടെക്നോളജി ദാതാക്കളായ ഇക്കോസെൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഇൻഫിക്കോൾഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ്, ടാറ്റാ പവർ, കേരള റിന്യൂവബിൾ എനർജി എന്റർപ്രണേഴ്സ് ആൻഡ് പ്രൊമോട്ടേഴ്സ് അസോസിയേഷൻ, റിനാക്ക് ഇന്ത്യ, ഓവർലീപ് എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളും ധനകാര്യ സ്ഥാപനമായ സിഡ്ബിയിൽ നിന്നുള്ള പ്രതിനിധികളും അവതരണങ്ങൾ നടത്തി. കോൾഡ് ചെയിൻ മേഖലയിലെ ഊർജ്ജകാര്യക്ഷമമായ നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്ന സ്റ്റാളുകളും തയ്യാറാക്കിയിരുന്നു.



എറണാകുളത്ത് സംഘടിപ്പിച്ച ശില്പശാലയിൽ പങ്കെടുക്കുന്നവർ

പാലും പാലുത്പന്നങ്ങളും, മത്സ്യവും മാംസവും അവയുടെ ഉല്പന്നങ്ങളും, ശീതീകരണം ആവശ്യമായ കാർഷികവിളകൾ എന്നിവ സാധാരണ ഊഷ്മാവിൽ കേടാവുന്നതാകയാൽ ശീതീകരണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഇത്തരം ഉത്പന്നങ്ങൾ ഒരു സ്ഥലത്ത് നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുമ്പോഴും ശീതീകരിച്ചിട്ടുള്ള സ്റ്റോറേജ് വാഹനങ്ങൾ ഉപയോഗിക്കേണ്ടതാണ്. അത് പോലെ തന്നെ ഇത് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന വില്പന ശാലകളിലും ശീതീകരണ സംവിധാനം അത്യാവശ്യമാണ്. പ്രസ്തുത ഉത്പന്നങ്ങൾക്ക് വിളവെടുപ്പ് മുതൽ വിപണനകേന്ദ്രം വരെയുള്ള ശീതീകരണ സംവിധാനങ്ങളുടെ ശൃംഖലയെയാണ് കോൾഡ് ചെയിൻ എന്ന നാമകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളുടെ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് സർക്കാർ ലക്ഷ്യമിടുന്നുണ്ട്. കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളുടെ ഊർജ്ജകാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെ വൈദ്യുത ഉപഭോഗം കുറയ്ക്കുവാനും ആഹാര പദാർത്ഥങ്ങൾ കേട് കൂടാതെയും പാഴാകുന്നത് കുറച്ചും ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകാൻ സാധിക്കും. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിലൂടെ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളുടെ പ്രവർത്തന ചിലവ് കുറയുകയും ഇതുവഴി ഗണ്യമായ ലാഭം നേടുവാനും സാധിക്കുന്നതാണ്.

# സ്റ്റാൻഡേർഡ്സ് ആന്റ് ലേബലിംഗ് ശില്പശാലകൾ

ബി.ഇ.ഇ. സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിംഗ് പ്രോഗ്രാമിന്റെ നിയമങ്ങളെയും ഗുണമേന്മകളെയും കുറിച്ച് വ്യാപാരികളെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കുന്നതിനു വേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ 'സ്റ്റാൻഡേർഡ്സ് ആന്റ് ലേബലിംഗ്' എന്ന വിഷയത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചു. ഇ.എം.സി എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ശിൽപശാലകൾ സംഘടിപ്പിച്ചത് . ഊർജ്ജ സംരക്ഷണ നിയമത്തിലെ 14 (d) വകുപ്പ് പ്രകാരം ഊർജ്ജോപയോഗം കൂടുതലുള്ളതും ആൾക്കാർ കൂടുതൽ സമയം ഉപയോഗിക്കുന്നതുമായ വൈദ്യുതോപകരണങ്ങളും മറ്റു ഊർജ്ജോപയോഗ ഉപകരണങ്ങളും കണ്ടെത്തി, അവയ്ക്ക് മുൻഗണനാക്രമത്തിൽ സ്റ്റാഡേർഡ്സും കാര്യക്ഷമതാ ലേബലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾക്ക് അവയുടെ ഊർജ്ജകാര്യക്ഷമതയനുസരിച്ചാണ് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്റ്റാർ ലേബലിംഗ് നൽകുന്നത്.

ഇ.എം.സി എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ, ഒട്ടോടാക്ഷൻസ്, ഗണേഷ് ടെക്നോളജിക്കൽ കൺസൾട്ടിംഗ് സർവീസസ്, പ്രൂഡന്റ് എനർജി, അതുൽ എനർജി കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടുകൂടിയാണ് സഹകരണത്തോടെയാണ് ശിൽപശാലകൾ സംഘടിപ്പിച്ചത്.

മാർച്ച് മാസത്തിൽ നടന്ന പരിപാടികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ.

**വ്യാപാരികൾക്കായി സംഘടിപ്പിച്ച ശില്പശാലകൾ**

| നം | തീയതി | സ്ഥലം |
|---|---|---|
| 1 | 06-03-2024 | ഹോട്ടൽ കാലിക്കറ്റ് ടവർ, കോഴിക്കോട് |
| 2 | 12-03-2024 | ഹോട്ടൽ മേഴ്സി, എറണാകുളം |
| 3 | 13-03-2024 | ഹോട്ടൽ വൈറ്റ് പാലസ്, തൃശ്ശൂർ |

**വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ശില്പശാലകൾ**

| നം | തീയതി | സ്ഥലം |
|---|---|---|
| 1 | 01-03-2024 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട് |
| 2 | 04-03-2024 | എഞ്ചിനീയറിംഗ് കോളേജ്, പെരുമൺ, കൊല്ലം |
| 3 | 11-03-2024 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, പൈനാവ്, ഇടുക്കി |
| 4 | 12-03-2024 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചേർത്തല, ആലപ്പുഴ |
| 5 | 15-03-2024 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൊച്ചി |
| 6 | 15-03-2024 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |
| 7 | 18-03-2024 | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 8 | 20-03-2024 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ, പത്തനംതിട്ട |



പാലക്കാട് ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ സംഘടിപ്പിച്ച ശില്പശാലയിൽ നിന്നും




തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ സംഘടിപ്പിച്ച ശില്പശാലയിൽ നിന്നും




അടൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സംഘടിപ്പിച്ച ശില്പശാലയിൽ നിന്നും




എറണാകുളത്ത് വ്യാപാരികൾക്കായി സംഘടിപ്പിച്ച ശില്പശാലയിൽ നിന്നും

# ക്ലീൻ എഡ്ജ് & എൻവിറോൺമെന്റൽ ടെക്നോളജീസ് ബിസിനസ്സ് ഡവലപ്മെന്റ് മിഷൻ ഇന്ത്യയിൽ സംഘടിപ്പിച്ചു

യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെ കീഴിലുള്ള ഇന്റർനാഷണൽ ട്രേഡ് അഡ്മിനിസ്ട്രേഷൻ നേതൃത്വത്തിൽ Clean EDGE (Enhancing Development and Growth through Clean Energy) and Environmental Technologies Business Development Mission ഇന്ത്യയിൽ സംഘടിപ്പിച്ചു. ഈ മേഖലയിൽ സഹകരിക്കുന്ന അമേരിക്കയിലെ ക്ലീൻ എനർജി – എനർജി എഫിഷ്യന്‌സി എന്നിവയിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികൾക്ക് ഇന്ത്യയിലെ സാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്.




എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ പാനൽ ചർച്ചയിൽ പങ്കെടുക്കുന്നു

2024 മാർച്ച് 11-ന് ചെന്നൈയിലെ ITC വെൽക്കം ഹോട്ടലിൽ നടന്ന പരിപാടിയിൽ സംസ്ഥാന വൈദ്യുതി വകുപ്പിനെ പ്രതിനിധീകരിച്ച് ഇ.എം.സി. യിലെ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി "ഊർജ്ജ മേഖലയിലെ ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, വെല്ലുവിളികളും അവസരങ്ങളും" എന്ന വിഷയത്തിൽ സംഘടിപ്പിച്ച പാനൽ ചർച്ചയിൽ അനൂപ് സുരേന്ദ്രൻ പങ്കാളിയായി.

## ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്ഥാപക ദിനാഘോഷം

കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (ബി.ഇ.ഇ.) 22-ാമത് സ്ഥാപക ദിനം മാർച്ച് ഒന്നിന് ആചരിച്ചു. 2001-ൽ പാസ്സായ ഊർജ്ജസംരക്ഷണ നിയമം രാജ്യത്ത് നടപ്പിലാക്കുന്നതിലേക്കായി 2002 മാർച്ച് ഒന്നിനാണ് ബി.ഇ.ഇ. സ്ഥാപിയ്ക്കപ്പെട്ടത്. രാജ്യത്ത് ഊർജ്ജകാര്യക്ഷമതയ്ക്കായി നയങ്ങളും തന്ത്രങ്ങളും വികസിപ്പിക്കുന്നതിന് ചുക്കാൻ പിടിക്കലാണ് ബി.ഇ.ഇ.യുടെ പ്രധാന ദൗത്യം. മാർച്ച് ഒന്നിന് ന്യൂഡൽഹിയിലെ ഡോ. അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ സംഘടിപ്പിക്കുന്ന സ്ഥാപകദിനാഘോഷത്തിൽ കേന്ദ്ര ഊർജ മന്ത്രി ആർ. കെ. സിങ് മുഖ്യാതിഥിയായി. കേന്ദ്ര ഊർജ്ജ വകുപ്പ് അഡിഷണൽ സെക്രട്ടറി അജയ് തിവാരി, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ചെയർപേഴ്സൺ ഘനശ്യാം പ്രസാദ്, ബി.ഇ.ഇ ഡയറക്ടർ ജനറൽ, അഭയ് ബാക്രെ, ബി.ഇ.ഇ സെക്രട്ടറി മിലിന്ദ് ഡിയോർ അടക്കമുള്ള വിശിഷ്ട വ്യക്തികളും ചടങ്ങിൽ പങ്കെടുത്തു. സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് പാനൽ ചർച്ചകളും പ്രദർശനങ്ങളും നടന്നു.

രാജ്യത്തൊട്ടാകെ ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് നടക്കുന്ന വിപുലമായ പ്രചരണ പരിപാടികളും പദ്ധതികളും രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കാണ് ബി.ഇ.ഇ.ക്കുള്ളത്. അതിനായി രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയുക്ത ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. 1996-ൽ സ്ഥാപിതമായ എനർജി മാനേജ്മെന്റ് സെന്റർ-കേരള, 2003 മുതൽ കേരളത്തിന്റെ നിയുക്ത ഏജൻസിയായി പ്രവർത്തിച്ചു വരുന്നു.

## ഊർജ്ജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...



"വേനൽക്കാലത്തെ ഊർജ്ജസംരക്ഷണം"
എന്ന വിഷയത്തെ മുൻനിർത്തിയുള്ള
പെയിന്റിംഗുകൾ തയ്യാറാക്കി
2024 മെയ് 10 ന് മുമ്പായി
emck@keralaenergy.gov.in
എന്ന മെയിലിലേക്ക് അയയ്ക്കൂ.

**ആകർഷകമായ സമ്മാനങ്ങൾ നേടൂ**

*തിരഞ്ഞെടുക്കപ്പെടുന്ന പെയിന്റിംഗുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്

ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.




Published by **Dr. R. Harikumar**, Director, EMC



Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)



**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256